"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - മാനസിക വെല്ലുവിളികൾ നേരിടുന്ന ഡേസ്കോളർ വിദ്യാർത്ഥികൾക്കുള്ള പ്രതിമാസ യാത്രാബത്ത - വെക്കേഷൻ കാലയളവിലേതുൾപ്പടെ പ്രതിവർഷം 12,000 രൂപ ആകെ തുക നൽകാൻ അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1394/2023/LSGD തീയതി,തിരുവനന്തപുരം, 07-07-2023

---

പരാമർശം:- 1. സ.ഉ.(കൈ) നം.115/2022/തസ്വഭവ, തീയതി 28.05.2022

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 15.06.2023 ന് നടന്ന യോഗത്തിന്റെ തീരുമാനം 3.11

**ഉത്തരവ്**

തദ്ദേശ ഭരണസ്ഥാപനങ്ങൾ പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതിയും പ്രോജക്ടുകളും തയ്യാറാക്കുമ്പോൾ അനുവർത്തിക്കേണ്ട സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ എന്നിവ സംബന്ധിച്ച പരാമർശിത മാർഗരേഖ (ഖണ്ഡിക 7.1.6 (ബി)) പ്രകാരം മാനസിക വെല്ലുവിളികൾ നേരിടുന്ന ഡേസ്കോളർ വിദ്യാർത്ഥികൾക്ക് പ്രതിമാസം 1000 രൂപ യാത്രാബത്ത നൽകാവുന്നതാണ്. ഇത്തരം വിദ്യാർത്ഥികൾ ബഡ്സ് സ്കൂൾ/സ്പെഷ്യൽ സ്കൂളിൽ പോകുന്നവരും സാധാരണ സ്കൂളിൽ പോകുന്നവരുമുണ്ട്. ഇതിൽ ഏതെങ്കിലും സ്കൂളുകൾ വർഷം ഒന്നോ രണ്ടോ മാസം പ്രവർത്തിക്കുന്നില്ല എങ്കിലും പ്രതിവർഷം 12,000 രൂപ ആകെ തുക എന്ന നിലയിൽ കണക്കാക്കി ഈ വിദ്യാർത്ഥികൾക്ക് നൽകാവുന്നതാണ്. ഇത് പ്രകാരം പരാമർശിത മാർഗ്ഗരേഖയിൽ ഭേദഗതി വരുത്തി ഉത്തരവാകുന്നു.

2. പരാമർശിത മാർഗ്ഗരേഖ മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

ജോയിന്റ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
8. ഡയറക്ടർ (റൂറൽ), തദ്ദേശ സ്വയംഭരണ വകുപ്പ്

9. ഡയറക്ടർ (അർബൻ), തദ്ദേശ സ്വയംഭരണ വകുപ്പ്
10. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
11. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
12. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
13. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
14. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
15. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
16. ഡയറക്ടർ ജനറൽ, കില
17. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
18. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
19. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
20. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Viraj K
Date: 07-07-2023 15:39:47
സെക്ഷൻ ഓഫീസർ

പകർപ്പ് :-

ബഹു. തദ്ദേശസ്വയംഭരണ എക്സൈസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്